Kalpaka Library Series No. 13.

# ജലന്ധരാസുരവധം

(ആട്ടക്കഥ)

ഗ്രന്ഥകർത്താ :

**കേശവൻ വാസുദേവൻ**

മണലിക്കരമഠം

(ജീവിതകാലം : കൊല്ലവർഷം 1043–1090)

കല്പകാ ലൈബ്രറി പ്രസിദ്ധീകരണം.

1967 1.00

Kalpaka Library Series No. 13.

KOTTAYAM PUBLIC LIBRARY
43554

# ജലന്ധരാസുരവധം

(ആട്ടക്കഥ)

ഗ്രന്ഥകർത്താ :

**കേശവന് വാസുദേവന്**

മണലിക്കരമഠം

(ജീവിതകാലം : കൊല്ലവർഷം 1043–1090)

NATIONAL BOOK STALL
S.P.C.S. LTD.
BR. KOTTAYAM

കല്പകാ ലൈബ്രറി പ്രസിദ്ധീകരണം.

1967 Re. 1.00

M.08-

*Malayalam 5*

JALANDHARĀSURA VADHAM

(Āṯṯakkatha)

*Author :*

**KESAVARU VASUDEVARU** (LIFE TIME M. E. 1043-1090)

First Published :

1967

*Printed at :*

ST. JOSEPH'S PRESS, TRIVANDRUM.

Publishers :

KALPAKA LIBRARY, SUNDALE,

Poojappura, TRIVANDRUM-12

Price Re. 1

ALL RIGHTS RESERVED.

---

S. 13. A. 6. Ed. 1st

1

ശ്രീമത് കല്പകമങ്ഗലാന്വയവരേ
ജാതാഃ പുരാണേതിഹാ-
സാമഗ്ന്യാഃ പിതരോ മമ ശ്രുതിശിര-
സ്ഥാണാഃ കവീന്ദ്രോത്തമാഃ ।
യാ മാര്യോചിത ഭാരതീ ഭണിതിഷ്വ
പ്രജ്ഞാമുപാലേഭിരേ
താമേവാദ്യ ശിശ്രുഃ സുധാകരമിവ
പ്രാപ്തും യതേ മന്ദധീഃ.

2

സത്സാഹിത്യസുധാപയോധിമഥനേ
മന്ഥാനവല്ലീനതാ,
സത്സേവാവിഷയേഷ്വനന്തവിഭുതാ
ചിന്താമണേശ്ശ്രീരിവ ।
വാചാം വർത്മനി സൂക്ഷ്മബോധപടുതാ,
സദ്വൃത്തതാ, ചാരുതാ
സർവാസ്സന്തു ശുഭാങ്കുരാ ഇതി
ഗുരുഭ്യോമേഽസ്തു സർവാപ്പണമ്.

വാസുദേവഃ
(കെ. വി. മണലിക്കര)

KOTTAYAM PUBLIC LIBRARY KOTTAYAM

# പ്രസ്താവന

''കല്പക'' ഗ്രന്ഥാവലിയിൽ പ്രസിദ്ധംചെയ്തിട്ടുള്ള ''ഘോഷയാത്ര'' ആട്ടക്കഥയുടെ പിൻഗാമിയാണ് ജലന്ധരാസുരവധം''. ''രാജസൂയം'' ഓട്ടൻതുള്ളലിന്റെ കർത്താവായ കേശവരു വാസുദേവരാണ് ഇതിന്റെയും കർത്താവ്. ഗ്രന്ഥകാരനെയും മണലിക്കരക്കവികളെയുംകുറിച്ച് അന്യത്ര പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല.

ആട്ടക്കഥകൾ മലയാളസാഹിത്യത്തിന്റെ ഈടുവെയ്പ്പുകളാണല്ലോ. അവയെപ്പററി ''ഘോഷയാത്ര''യുടെ ആമുഖത്തിൽ ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ട്. ഇവിടെ ഈ കൃതിയുടെ സ്വഭാവമെന്തെന്നു മാത്രം സൂചിപ്പിക്കുകയാണ്.

സംസ്കൃതപ്രേമം മൂത്തുനിന്നിരുന്ന കാലഘട്ടത്തിലാണ് ഇതിന്റെ ആവിർഭാവം. ശ്ലോകങ്ങളിൽ ഒന്നൊഴികെ മുഴുവനും സംസ്കൃതം തന്നെ. (ഇന്നു് പണ്ഡിതന്മാർപോലും ''കൈമലത്തുന്ന'' മട്ടിൽ അന്നുള്ളവർ സംസ്കൃതഭാഷ കൈകാര്യം ചെയ്തിരുന്നുവെന്ന് ഈ മാതിരി കൃതികൾ തെളിയിക്കുന്നു.) പദങ്ങൾ ഒട്ടുമുക്കാലും സംസ്കൃതപ്രചുരമാണ്. ഇവയിലെ ദീർഘസമാസങ്ങളും അപ്രസിദ്ധശബ്ദങ്ങളും ഇന്നുള്ളവർക്ക് അരോചകമായി തോന്നിയേക്കാം. ഈ ഗ്രന്ഥത്തിൽ അലങ്കാരഭ്രമം കുറവാണ്. ആടിക്കാണുവാൻ പററിയ മട്ടിലാണ് രങ്ഗവിന്യാസം. വീരമാണ് മുഖ്യരസം. ആട്ടക്കഥകളിലെ സാങ്കേതികാംശത്തിനു് മാററു കൂട്ടിയിട്ടുമുണ്ട്.

ജലന്ധരാസുരജനനം, പരാക്രമപ്രൌഢി, ഇന്ദ്രപരിതാപം, വിഷ്ണുവിന്റെ അരുളപ്പാട്, ശിവന്റെ ദാസ്യഭാവം, നാരദപ്രവേശം, കൃത്യയുടെ വരവ്, ഉമാവിലാപം, ശുക്രപരാജയം, വിഷ്ണുവിന്റെ പ്രവേശം, ജലന്ധരാസുരവധം, ദേവസ്തുതി മുതലായി പ്രധാന കഥാംശങ്ങൾ മാത്രം രംഗത്തിൽ വരുത്തുകയും, മറെറല്ലാം 'ശ്ലോകത്തിൽ കഴിക്കുകയും' ചെയ്യുവാൻ ഗ്രന്ഥകാരൻ ശ്രമിച്ചിരിക്കുന്നു.

വളർച്ച നിലച്ച ഒന്നാണല്ലോ കഥകളിസാഹിത്യം. അതിൻെറ നിശ്ചലതയ്ക്കു് പ്രധാനഹേതു സംസ്കൃതത്തിൻെറ ആധിപത്യമാണെന്നു തോന്നുന്നു. ''ഗതാനുഗതികത്വം'' മൂലമുണ്ടാകാവുന്ന വൈരസ്യവും ഒരു കാരണമാണ്. വ്യത്യസ്തമായി ഒന്നുംതന്നെ ജലന്ധരാസുരവധത്തിലില്ല. ''ദുര്യോധനവധം'' പോലുള്ള ഒരു കൃതിയെന്നു മാത്രമേ ഇതിനെക്കുറിച്ച് അഭിപ്രായപ്പെടാൻ തരമുള്ളു. രസാനുഭവത്തിൽ അത്രതന്നെ മികച്ചതെന്നും പറഞ്ഞുകൂടാ, പദങ്ങളിൽ പലതും അനുകരണങ്ങളോ അനുരണനങ്ങളോ ആയിരിക്കും.

എങ്കിൽപ്പിന്നെ, ഈ ഗ്രന്ഥം എന്തിനു് പ്രസിദ്ധംചെയ്യുന്നു എന്നു ചോദിച്ചേയ്ക്കാം. ഗവേഷകർക്കു ഗ്രഹിക്കേണ്ടതായി പലതുമുണ്ടിതിൽ. ഭാഷയും സാഹിത്യവും പടിപടിയായി മാറിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തുന്നവർ, ആരെങ്കിലും മനഃപൂർവ്വം മാററി എഴുതിയിട്ടില്ലാത്ത കൃതികൾ അമൂല്യനിധികളായി കരുതിപ്പോരുന്നു. ഒരു നൂറുകൊല്ലം മുൻപു് നമ്മുടെ സാഹിത്യശില്പം എന്തായിരുന്നു എന്നറിയുവാനാഗ്രഹിക്കുന്നവക്കു് കഥകളിഗ്രന്ഥങ്ങൾ ഒഴിവാക്കാവുന്നതല്ല. ''ജലന്ധരാസുരവധം'' ഒരു പ്രത്യേക ലക്ഷ്യം വച്ചു ചമച്ചിട്ടുള്ളതല്ല. ''സ്വാന്തഃസുഖായ'' എന്നല്ലാതെ ''യശസേഽർത്ഥകൃതേ'' എന്നും മററും സ്മരിക്കാത്തവരാണു് മണലിക്കര മഹീദേവകവികൾ. അവരുടെ സംഭാവനകൾ തന്മൂലം വിലപ്പെട്ടവയുമാണു്. ഉക്തിവൈചിത്ര്യം, വൃത്തഗ്രഥനം, പദഗുംഫനം ഇവയിൽ സവ്യസാചിപദത്തിലെത്തിയിരുന്നു അവർ. ഇതുതന്നെയാണു് ഈ ഗ്രന്ഥത്തിൻെറ പ്രസാധനത്തിനു് പ്രേരകവും.

സഹൃദയലോകത്തിൻെറ സ്വാഗതം പ്രതീക്ഷിച്ചുകൊണ്ടു്.

വിധേയൻ

P. R. Nair M. A. B. Ed.
Editor

Mannam Nagar
14–3–1967

KOTTAYAM PUBLIC LIBRARY
KOTTAYAM.

# ജലന്ധരാസുരവധം ആട്ടക്കഥ

[മണലിക്കര മഠത്തിൽ കേശവരു് വാസുദേവരു്
(M. E. 1043-1090) രചിച്ചതു്.]

## മങ്ഗലാചരണം

ശ്രീകല്പമങ്ഗല പുരാവസഥേ നിവാസീ
രത്നപ്രഭാപ്രസരചാരു ശരീരകാന്തിഃ।
വിഘ്നക്ഷമാധരഘടാ ദലനപ്രചണ്ഡോ
ദദ്യാദയം മദകളേഭമുഖസ്സുഖം നഃ ॥ 1 ॥

ഹേരംബം പ്രണതാളി വിഘ്നഹനന-
സ്വായത്ത സമ്പത്സുഖം
വേണീതല്പജനിർജ്ജിതാംബുദരുചിം
ധാതൃപ്രിയാം ഭാരതീം।
നൈരന്തര്യസുഖായ ദുർഗതിഹരാം
ദുർഗാം ഹരിം ശങ്കരം
കാളീം കാളഘനപ്രഭാഞ്ചസതതം
ഭൂതാധിനാഥം ഭജേ॥ 2 ॥

ഗുരുവരാംഘ്രിയുഗാംബുജമാശ്രയേ
ഗുരുകുലാധിക സുപ്രതിപത്തയേ ।
യദവലംബ വിഹീനജനാവലേർ-
വിഫലതാം ലഭതേ നിഖിലാ ക്രിയാ ॥ 3 ॥

———

പുറപ്പാട് — ഭൈരവി — ചെമ്പട.

ശ്ലോകം— ലക്ഷ്മീശസ്സഹജസ്സ്മസ്സ ജഗതാം
നാഥസ്സ യസ്യാഽഭവത്,
ദേവാനാം പതിതാ ച യത്ര സതതം
ജാഗർത്തി സർവോത്തരാ
യത് കീർത്തിസ്സതശാരദേന്ദു സദൃശീ
സ്വർവൈരിണാം ഭൈരവീ,
ദേവേന്ദ്രസ്സുവിരാജതേ സുരഗണൈർ—
ദാരൈ രമർത്ത്യാലയേ ‖ 1 ‖

പദം—1 വൃന്ദാരകഗണാധീശൻ സുന്ദരവിഗ്രഹൻ
ഇന്ദിരാകാന്തസോദരൻ,
മന്ദേതര പ്രഭൻ ദന്ദശൂകസമബാഹു
സാന്ദ്രഗുണഗണൻ സുന്ദരീമാരൻ—സുര—
സന്ദോഹ വന്ദിതൻ
അല്പേതരനേത്രൻ ശ്രിത—കല്പതരു കല്പൻ
സുപ്രജാപരിപാലകൻ-അപ്രമേയവീര്യൻ
ദന്താവളേന്ദ്രവാഹനൻ—ദന്തീശ ചംക്രമൻ
സന്തോഷമോടംകൊണ്ടു-നാകം
പരിപാലിച്ചു, കാമം—സുരലോകേ
ഭാമിനീമാരോടുംകൂടി—സാമോദം വാണു.

തോടി — ചെമ്പട

ശ്ലോകം— ആരാമേ കളകണ്ഠകണ്ഠവിഗള—
ന്മഞ്ജു സ്വരേഭാസ്വരേ
രാജന്മഞ്ജുനികുഞ്ജപുഞ്ജവിലസ-
ച്ഛായാതലേ ശീതലേ ।

ദേവകല്പതരു പുഷ്പഗന്ധവിലും—
മന്ദാനിലാഭ്യദ്ഗമേ
സോഽവോചന്നിജ വല്ലഭാ വിധുമുഖീർ-
ദൃഷ്ട്വാ സുരേശോ ഗിരമ് ॥ 2 ॥

പദം–2 ഇന്ദുമുഖിമാരേ! കേൾപ്പിൻ–ഇന്നു മമ ഗിരം

(ഇന്ദ്രൻ) സുന്ദരാങ്ഗിമാരേ! മമ വന്നിടുവിൻ സവിധേ

॥ ഇന്ദുമുഖി ॥

ഭൂരികുസുമ സൗരഭ്യമുൾക്കൊണ്ടു
മാരുതനിതാ വീശുന്നു,
നാരിമാരേ!-രമ്യം! ॥ ഇന്ദുമുഖി ॥
പഞ്ചമസ്വരമത്യന്തം പരഭൃതഗണങ്ങൾ
അഞ്ചാതെ കൂകീടുന്നു. ॥ ഇന്ദുമുഖി ॥
ദന്തീന്ദ്രകാമിനിമാരേ! അന്തികേവന്നുടൻ
ചെന്താർശരപരിതാപം ദേഹത്തിലാശു തീർപ്പിൻ

॥ ഇന്ദുമുഖി ॥

ചുണ്ടിൻെറ രാഗ'ത്തോടീ' രാഗം–തൊണ്ടിപ്പഴത്തിന്നു
തുല്യമെന്നുവേണം ലോകേ ചൊല്ലീടാൻ നിത്യം.

॥ ഇന്ദുമുഖി ॥

പദം–3 എരിക്കലെ—കാമോദരി

ദേവസ്ത്രീകൾ- ബന്ധുരാധരാ! കേൾക്ക മാമകവാക്യം
സിന്ധുരേശഗമന! സിന്ധുഗഭീര!
ദീനബന്ധോ! മഞ്ജുവദന
ചിത്തജസമ! സുരസത്തമ! വിരവിനൊ—
ടുത്തമ! തരിക സുശർമ്മ സുരേശ! ॥ ബന്ധുരാ ॥

അംഗസംഭവതുല്യ! ശൃംഗാരസദന ഭോ!
ഭംഗുരേതര വിക്രമ! മംഗല-
മംഗജമാമയം തീക്ക
പല്ലവസമരുചി–നല്ലോരധരമയി
കല്യ! തരികജവ–മല്ലൽ ശമിപ്പാൻ || ബന്ധുരാ ||
പങ്കജമൃദുലമാം നിൻകരംകൊണ്ടു
കൊങ്ക മർദ്ദനം ചെയ്ക
ശങ്കരശിരോമണി സങ്കാശവദന ഭോ!
പങ്കജവിശിഖ വിശങ്കടതര ബഹു-
സങ്കടമയിവര! കിം കലയസി || ബന്ധുരാ ||
സല്ലാപജിതമധു മാധുര്യ! മഞ്ജുള!
ഫുല്ലാംബുജലോചന!
ചില്ലീലതയാ മാരൻ വില്ലിനെ
വെന്നതിനാൽ വൈരമവനു
ബഹുവീരമകുടതടഹീര!
തദയി! ചൊരിയുന്നു ശരങ്ങൾ || ബന്ധുരാ ||

പദം–4 ആനന്ദഭൈരവി—ചെമ്പട

ഇന്ദ്രൻ- തന്വംഗി ഉർവശി! ഇപ്പോ-
ളെന്നങ്കത്തിൽ വസിച്ചാലും
വന്നാലും കാന്തേ! വന്നാലും.
മാനിനിമാരടിക്കുപ്പും-മേനകേ! തരികധരം.
|| വന്നാലും ||
അംഭോരുഹാക്ഷി! സമ്പ്രതി രംഭേ!
പരിരംഭം ചെയ്ക– || വന്നാലും ||
സുധന്യേ! സഹജന്യേ! സർവമാന്യേ! തിലോത്തമേ!
|| വന്നാലും ||

KOTTAYAM PUBLIC LIBRARY KOTTAYAM

പദം—5 കുമ്മി

ദേവസ്ത്രീകൾ- മല്ലാരിസോദര! ചാരുശീല!
ചൊല്ലേറും പഞ്ചമി ചന്ദ്രഫാല!
കല്യാണശീല! ജയജയ സ്വർല്ലോകപാല—
ഹൃദ്രഞ്ജന! കല്യ! സുശീല!
ചൊല്ലേറിന മല്ലീശരവില്ലിൻബഹു—
നല്ലാഭകളെല്ലാം ലഘു
വെല്ലും ചില്ലീലതകൾ-നമ്മെ
കൊല്ലുന്നു പല്ലവാധര! വിഭോ!
കന്ദർപ്പസന്നിഭ! കാന്ത! ഭോ!
മന്ദസ്മിതോല്ലസിതാനന! വിഭോ!
ഇന്ദിരാകാന്തസഹോദര സുന്ദരീ-
സ്വാന്ത സുഖപ്രദ; സുന്ദര-
ശാന്ത ചാരുപ്രഭ!
കുന്ദദ്യുതി മന്ദസ്മിത!- വൃന്ദാരകവൃന്ദാർച്ചിത!
മന്ദാക്ഷംകൂടാതെ വന്നീടേണം ദേവ!
കുന്ദശരാർത്തികൾ തീർത്തീടേണം
ഭംഗിയിൽ നല്ലൊരു സംഗീതനാദം
മൃദംഗംവാദയ, തമ്പി! നാണംവെടിഞ്ഞും,
കൊങ്കത്തടമല്ലമുലഞ്ഞും, മനന്തന്നിൽ
മോദംനിറഞ്ഞും, തിരുമുമ്പിൽ വാടീ
ദ്രുതമാടീടുക, പാടീടുക, തേടീടുക
പാടവമൊക്കവേ കാട്ടിടേണം.
ഉർവശി! മേനകേ! ഭംഗിയേറം
കാർവേണിമാർകുല മൗലിമണേ!
നല്ലോരു ഭംഗികലരവേ സാധുനതാംഗി!
തിലോത്തമേ! രംഭേ! കൃശാംഗി! നാമൊക്കവേ

കുംഭീശ്വരകുംഭതടഡംഭം കളയുന്നി
കൊങ്കകൾ രണ്ടും കുലുങ്ങവേ
സ്വാമിക്കതിമോദം വന്നീടാൻ
കുമ്മി അടിച്ചിടേണം. ॥

കല്യാണി--ചെമ്പട

ശ്ലോകം– സർവൈസ്സുരേശോവിബുധൈർഗ്ഗിരീശ-
ദിദൃക്ഷയാ രൂപ്യഗിരം പ്രതസ്ഥേ
സ തത്രസാനൌ ധൃതഘോരരൂപം
പ്രോദ്ഗീർണ്ണവാൻ പ്രേക്ഷ്യഗിരിംഹിരീശം ॥ 3 ॥

പദം-6 ആരയി! നീയെന്നോടിന്നു—പാരാതെ ചൊല്ലീടുക

ഇന്ദ്രൻ ആരുടെ സുതരെന്നും—നേരു കഥിച്ചാലും.
കാരണമെന്തത്ര നില്ലാൻ—ഭൂരികൗതുകം കേൾപ്പാൻ.
ഘോരതരം തവരൂപം—മാരാരിഭൃത്യനോ?
എന്തഹോ ഞാൻ ചോദിച്ചതി-നൊന്നുമേകഥിക്കാത്തു?
ഗന്ധധുരന്ധരനോനീ? ഹന്ത! വിഷണ്ണനോ?
വൃത്രാരിയാമെന്നുടെ—വാക്കുകൾ ശ്രവിച്ചിട്ടും
ഉത്തരമരിയാടീല—എന്തു ചിന്തിതം?

ബലഹരി—ചെമ്പട

ശ്ലോകം- ഇത്ഥം സുരേശസ്യഗിരം നിശമ്യ
നകിഞ്ചിദപ്യുക്തമുമേശ്വരേണ!
തദാതിരോഷസ്യ വശംഗതോഽസൌ
ജഗാദശക്രോ ജഗതാമധീശം ॥ 4 ॥

പദം-7 ചരിതം തവ ശഠനെന്നല്ലോ
അരനിമിഷംകൊണ്ടഹമിഹ നിന്നുടെ
ക്രൂരമതേ ബഹുദർപ്പം കളവൻ ॥ ചരിതം ॥

ഉത്തരഃമാതൃകയില്ലെന്നാകിൽ
ദുസ്തർബാധകമനുഭവമിപ്പോൾ || ചരിതം ||
നിൽക്കും രണ്ടടി കൊള്ളുന്നേരം
മുഷ്ക്കുകളൊക്കെയുമെന്നു ധരിക്ക || ചരിതം ||

മോഹനം—അടന്ത

ശ്ലോകം— ഉദീര്യചൈവം കലിശേന ശക്രോ
ലോകേശ്വരന്തം പ്രജഹാര കോപാത് |
ദഗ്ദ്ധും പ്രവൃത്തം നയനാഗ്നിനാ തം
തുഷ്ടാവ ദൃഷ്ട്വാഥ ഗുരുർഗ്ഗിരീശമ് || 5 ||

പദം–8 ഈശ്വര! പാലയ ഭൂരി കൃപാലയ!
ബൃഹസ്പതി പാർവതീനാഥ! വിഭോ!
പാരേഴരണ്ടിനും നാഥനാം നിന്നുടെ
പാദസേവനമൃതേ....മററെന്തൊരാശ്രയം? || ഈശ്വര ||
പങ്കജശരനുടെ ഹുങ്കൃതി തീർത്തോരു
ശങ്കര! ശംഭോ! ഹേ! പാലയ, പാലയ
പങ്കവിനാശന! പങ്കജസംഭവ നത!
കിങ്കരനാമെന്നിൽ നിൻകരുണാംകുരു || ഈശ്വര ||
അന്തകഭയമിഷ്ടാ ഹന്ത കളഞ്ഞതും
ദന്തിദനുജമുഖ കൃന്തനംചെയ്തതും
ഹന്ത! ശൈലജാകാന്ത! നീയല്ലോ?
സന്തതം പാലയ ചിന്തയേനിൻ പദം || ഈശ്വര ||

സുരുട്ടി—ചായ്പ്പ്

ശ്ലോകം— ആബന്ധഭക്ത ഭരനിസ്തുലവാഗധീശ-
വക്ത്രാരവിന്ദഗളിതസ്തവരാജരാജിമ്
ആപീയ സോഽപ്യമൃതപായമയം ബഭാഷേ
കാരുണ്യപൂർണ്ണഹൃദയസ്സഹസൈവമീശഃ || 6 ||

പദം-9 ദേവഗണദേശിക! താവത്സ്തുതികൊണ്ടു ഞാൻ
പാവന ചരിത്രം! ഹേ; തുഷ്ടനായേൻ തുലോം.

ശിവൻ വരമയി! വരിക്ക നീ—മനസിയദ്വാത്തതേ
തരുവനയി വലമഥന ജീവനമൊഴികെ

ദേവഗുരു– പരമഗുണവാരിധേ! തുഷ്ടനെന്നാകിലോ
പുരമഥന! ശമിക്കണം—നിൻകോപപാവകൻ.
ഉരുതരകൃപാബലാൽ—മോഹിതം ശക്രനെ
കാരുണ്യവാരിധേ! രക്ഷിക്ക ദൈവമേ!

ശിവൻ– ഫാലനയനാഗ്നിയിതു ദൂരെ ത്യജിച്ചിടാം,
വലമഥനമിന്നയി നോ യഥാ പീഡയേത്
ശമനമിതു നേഷ്യതേ ബഹുലഗുണവാരിധേ!
അമിതനയ! സർവദാ ഭവതു തവ മംഗളം!

ഇടശ്ലോകം

ഇത്യുക്ത്വാ ധിഷണം പ്രസന്നഹൃദയ-
ശ്ചിക്ഷേപനേത്രോദിതം
ശോചിഷ്കേശമമുംപയോനിധിജലേ
"ശക്രസ്യമാഭൂ"ദിതി.
ബാധസ്സോƒഥ സമുദ്രദേവതടിനീ–
സംഗേ പപാതാർഭകോ
ഭൂത്വാƒഭംഗുരരോദനോദിതരവൈർ–
ല്ലോകാളി മാപൂരയത് || 7 ||

മുഖാരി—അടന്ത

ശ്ലോകം– സതച്ഛ്രുത്വാ ഘോരം കിമിദമിതി ചിന്താമുപഗതം
സുഭിത്തീകുർവന്തം ഹൃദയകമലം ചിത്രകരണേ
നിജാങ്കേതിഷ്ഠന്തം നിജതനയമാലോക്യ ച മുദാ
വിരിഞ്ചം തസ്യാങ്കേജലധിരഥ
വിക്ഷിപ്യ ഗദിതഃ || 8 ||

പദം—10 സരസിജോത്ഭവ! വന്ദേƒഹം

വരുണൻ അരവിന്ദാസന! കൃപ—വരുവാനായി വണങ്ങുന്നേൻ.
|| സരസിജോത്ഭവ ||
വിരിഞ്ച! താവകീന—തിരുമേനി കാൺകയാലേ
വിരിഞ്ഞു ഹൃത്കമലം—കരുണാവാരിധേ! കേൾക്ക
|| സരസിജോത്ഭവ ||
അരുണപങ്കജനിഭ—ചരണയുഗളം വിഭോ!
രമണീയാകൃതേ! തവ—സുദിനമിന്നുകാൺകയാൽ
|| സരസിജോത്ഭവ ||
ജാതകർമ്മാദിയാം ക്രിയാ—ജാതമതിബ്ബാലകന്ന്
ശ്വേതച്ഛദവാഹന—നീതാൻ കഴിക്കേണം
|| സരസിജോത്ഭവ ||

ഇടശ്ലോകം

ഇതിപ്രജേശോ ഗദിതഃപയോധിം
തിരോഹിതോƒഭൂത് തദനന്തസാവാചാ!
തദാജ്ഞയാ ദൈത്യഗുരുഃ പ്രസന്നോ
ജലന്ധരം രാജ്യപതിം ചകാര || 9 ||

പാടി—അടന്ത

ശ്ലോകം— വാഗ്ദേവീകമിത്യ പ്രസാദബഹുല-
പ്രോദ്യത് പ്രതാപാനല—
ജ്വാലാസന്തതിദഗ്ദ്ധവൈരിനികരാ-
ദഞ്ചദ്യശസ്സഞ്ചയഃ
തസ്മാദ്യത്പികശബ്ദമഞ്ജുളതരാ-
മബ്ജോല്ലസത് ഗോയുതാം
ദൃഷ്ട്വാവാചജലന്ധരസ്സുരഗിരാ—
മുദ്യാനലക്ഷ്മീം പ്രിയാമ് || 10 ||

പദം—11 തരുണീകുലമണേ—ഹരിണീവിലോചനേ!

ജലന്ധരൻ രമണീയമിട്ടിനം കാൺക ബാലേ!
അരുണാധരി! മൃദുചരണ മനോഹരേ!
കരണീയമിന്നു രതിരമണോത്സവം ദയിതേ!
തരുണീ—കാന്തേ!
ചെന്താമരേക്ഷണേ! പന്തൊക്കും മുലയാളേ!
ചന്തമാന്നൊരാരാമം—ഹന്ത! നീ കണ്ടാലും.
ശാരദശശിവദനേ! നീരദകചഭരേ!
സാരസശര കാർമ്മുക—ചാരുചില്ലീയുഗളേ!
ഇന്ദുവിതാ വിലസുന്നു—സുന്ദരി! കണ്ടാലും!
മന്ദമാരുത സഞ്ചയമിന്നനുകൂലമല്ലോ.
പാരാതെ മണിശയനേ വാരണേന്ദ്രഗമനേ!
മാരകേളി ചെയ്‌വതിന്നു ചാരത്തുവന്നാലും.

പന്തുവരാളി—ചെമ്പട

പദം— 12 സുന്ദര! കേൾക്ക—വല്ലഭ! മമവാക്യം

ജലന്ധരപത്നി നിന്ദിതരതി വല്ലഭ! സൌന്ദര്യമേറീടും
സംക്രന്ദന നന്ദന ശ്രീവന്ദിക്കും
ശോഭപൂണ്ടൊരുദ്യാന—മദ്യ പശ്യ ‖ സുന്ദര ‖
മത്തവാരണ ചംക്രമ! മേദിനീപാലസത്തമ!
വരിവണ്ടുകൾ പൂത്തുള്ള കുസുമത്തിൻ പുത്തൻ
മധുവുണ്ടിട്ടു മത്തരായ് പറക്കുന്നു
ചിത്തരസേന കാൺക ‖ സുന്ദര ‖
സല്ലാപജിതമാക്ഷിക സൌഖ്യമിത്തരം
ദുർല്ലഭംനാകം തന്നിലും—പല്ലവാധര!
നല്ലമല്ലാദികളിൽ തട്ടിട്ടുള്ളൊരു വായു
മെല്ലെന്നുവീശിടുന്നു.

ബിംബോഷ്ഠലതാ ഭ്രുരുഹം ആലിംഗിതാƒഹോ
ശംബരരിപുഖിന്നതയാ സംബാധിതസുതൃഷ്ണ-
മംബുജതതി തന്നെ ചുംബതി
നികുരുംബരാജനെൻ കാന്ത! ॥ സുന്ദര ॥

ഗൌളി പന്തു്—ചെമ്പട

ശ്ലോകം— ശ്രുത്വോദയം ദൈത്യപതേഃ പ്രസന്ന-
സ്സമീപമഭ്യേത്യ സുരാരിശില്പീ
കുര്യാം മുദം മത്കലയേതി മത്വാ
വാണ്യാ മുദാ വക്ത്റമലംചകാര ॥ 11 ॥

പദം—13 ചന്തമേറും പദയുഗം ചെന്താമര തന്നെ

(മയൻ) സന്തതം ഞാൻ വണങ്ങുന്നേൻ
ഹന്ത! സ്വാമിൻ! കാത്തുകൊൾക ഭവാനെന്നെ.
ചിത്തത്തിൽ കൃപയാ നിസ്തുലവിക്രമ!
മഞ്ജു വൃത്ത! വിഭോ!

(ജലന്ധരൻ) ആരെടാ! നീയെങ്ങുനിന്നു് പേരെന്താഗമിപ്പാൻ
കാരണവുമെല്ലാം ചൊല്ക പാരാതെ നീ

(മയൻ) മന്നവ! കേൾക്ക വചനം—ഇന്നുഞാനസുരശില്പി
എന്നുടയനാമം മയനെന്നറിക.
വന്നിടുവാൻ കാരണം കേൾ മിന്നുന്നൊരുപുരം
നന്നായി
തീർത്തിട്ടു ഭൂപതേ! തന്നീടുവാൻ
എന്നായതിന്നനുവാദം—തന്നാലും ദാനവേശ!
പന്നഗേന്ദ്ര സമബാഹോ! ചാരുകീർത്തേ!

(ജലന്ധരൻ) നന്നുനന്നു ശില്പിമൌലേ! വന്നാലും സവിധേ
ഉന്നതമാം സൌധാദിയും നിർമ്മിച്ചാലും.

ഇടശ്ലോകം

ശ്ലോകം- ഉന്നമ്രസൌധമണി മന്ദിരകൂപവാപീ-
ക്രീഡാമഹീധ്രബഹുഗേഹവിരാജമാനമ്!
കൃത്വാപുരം ദനുജമൽല്ലിവരേണദത്ത-
മധ്യാസ്തമന്ത്രിനിവഹൈരപരൈശ്ചദൈത്യഃ ॥ 12 ॥

കാമോദരി—ചെമ്പട

ശ്ലോകം- വാചാഥദാനവ ഗുരോർദനുജേശചരണ
സംപ്രേഷിതസ്സുരപതിംപ്രതിസോഽപിഗത്വാ
ദൂതസ്തദീയ വചനം നിഖിലം നിശമ്യ
പ്രത്യേത്യദൈത്യവൃഷഭം ഗിരമാബഭാഷേ ॥ 13 ॥

പദം-14

(ദൂതൻ) ജയജയ ദൈത്യപുങ്ഗവ! ജലധിസൂനോ!
ജയ ജയ ദൈത്യ പുങ്ഗവ!
നിഖില ഗുണവസതേ!
നമജ്ജന വ്രജമഹാപ്രഭോ! (ജയ ജയ)

ഉർവീശൻ വൃത്തമെത്ര വിശേഷം
എത്രയും വരമില്ലവൻ
തന്നിലൊരു ദോഷം—ഹേ മഹാരാജ!
ഇങ്ങനെ സർവദാസുഘോഷം—ദനുജേശ്വര!
ചെയ്യുന്നു ലോകങ്ങളശേഷം.
ഇത്തരമചലസത്സകലകുല ജലന്ധരൻ
രിപുപ്രകരവരധുരന്ധരൻ
ജനപ്രചയശിഖിപയോധരൻ
ഖലു പ്രശംസതി ധരാധര! (ജയ ജയ)

..AYAM PUBLIC LIBRARY

നിന്തിരുവടിനിദേശം കൈക്കൊണ്ടിട്ടഹം
സത്വരം ചെയ്തു സ്വങ്ഗവിവേശം
പാത്തുകാൺകിലോ—ഏത്രയുമതിനെക്കാൾമോശം
ചെന്നവിടെ ഞാൻ വാത്തകളുണത്തിച്ചു സുരേശം
അസ്തോവം ഗർവം, അഹംപ്രഥിതനതിബലാകരൻ
വിഹംഗപതിരഥ സഹോദരൻ
പരംപ്രമദഗജ മൃഗേശ്വരൻ
ത്രിഭുവനഗജേശ്വരൻ (ജയ ജയ)

ഇത്തരം പറഞ്ഞു രസിച്ചു; കേട്ടുകൊൾക നീ
ഉൾപ്പൂവിൽ സംശയംകുറച്ചു; ഭൂതലത്തിൽ
വൈരികൾ ചില—രുത്ഭവിച്ചു; അവരെ
ഒക്കെ വാരിധി തന്നുള്ളിൽ—മറച്ചു.
എന്നതുകൊണ്ടും—പെരുത്ത ജലധിയെ
മഥിച്ചതും, തരത്തിൽ മണിതതി ഹരിച്ചതും
ജളത്വമാത്തു ഹൃദി നിനച്ചതും
ഉരയ്ക്കു ചെന്നിതു കഥിച്ചതും. ॥ ജയ ജയ ॥

ഭൈരവി—ചെമ്പട

ശ്ലോകം— വിമത മകുടലക്ഷ്മീരാജിതാംഘ്രിദ്വയോऽസൌ
പുളകിത നിജദേഹസ്താവദാലോച്യ യുദ്ധം
സുരകരിവൃഢമൂച്ഛൈർജ്ജതുകാമോ ബഭാഷേ
സുരരിപുപതിരേവം വീരകൃത്യാനമാത്യാന് ॥ 14 ॥

പദം—15

(ജലന്ധരൻ) മന്ത്രിവരന്മാരേ! കേൾപ്പിൻ—ഹന്ത മാമകവചനം.
എന്തൊരു വൈഷമ്യം നിങ്ങൾക്ക
സ്വാന്തമോദം സാധിപ്പാൻ?
ഗന്ധധുരീണ പുരന്ദര ചരിതം
ചന്തത്തിൽ ശ്രുതിസങ്ഗതമല്ലേ? (മന്ത്രിവര)

ദന്തിരഥാദിക സൈന്യ-മന്തരേണ വിളംബിതം
അന്തികേ മേ സർവം വരേണം.
സുരേശഗർവശാന്തിയിപ്പോ-ളേററം ചെയ്യേണം.
പ്രതിഭടപടലമശേഷമമയ്പാ-
നതിബലമുള്ളോരമാത്യന്മാരേ! (മന്ത്രിവര)
സത്വരം നാമൊക്കെരണ-ചത്വരത്തിൽ
ചെന്നപോരിൽ
ജിത്വരന്മാരായ്ഭവിക്കണം-ഏററം യശസ്സു-
ദിത്വരമായ് വന്നുകൂടണം.
ഉള്ളിലഹമ്മതിയുള്ളോരരിപുവെ
കള്ളമൊഴിഞ്ഞു ജയിപ്പാൻ സുലഭം (മന്ത്രിവര)
എത്രയും ജളത്വമേറം-വൃത്രവൈരി തന്നുടയ
വൃത്തമെല്ലാം മഹദത്ഭുതം-ഓക്കുമ്പോൾ കോപം
തീക്കനൽനേർ-ജ്വലിച്ചിടുന്നു.
ഉത്കടമദഗജമന്തികേ വന്നാൽ
മുഷ്ക്കുകളൊക്കെയൊടുക്കും കെസരി (മന്ത്രിവര)

പദം—16 പന്തുവരാളി—ചെമ്പട

(മന്ത്രിമാർ) നിന്തിരുവടിയുടെ കൃപയുണ്ടെന്നാ-
ലെന്തൊരസാദ്ധ്യമഹൊ !
പങ്കജസംഭവമുഖ്യന്മാരെ
ശിങ്കികളിപ്പിച്ചീടാം. || നിന്തിരുവടി ||
വൻകരികുംഭം ഭേദിപ്പാനും
ശങ്കയതുണ്ടോ ഹരിനായകനു് || നിന്തിരുവടി ||
പഞ്ചാനനനുടെ മുമ്പിൽ വസിപ്പാൻ
* വഞ്ചുകമോത്താലാളായ് വരുമോ? || നിന്തിരുവടി ||
ദന്തിരഥാദികളൊക്കെ വരുത്തി
ചന്തത്തിൽ നീ കയറുക തേരിൽ || നിന്തിരുവടി ||

* വഞ്ചുകൻ = ഊളൻ (കുറുനരി).

43554

ആഹരി—ചെമ്പട

ശ്ലോകം— അന്യോന്യാഘട്ടനോദ്യജ്ജലദ ഘടഘടാ-
ധ്വാനഘോരാട്ടഹാസ-
ക്ഷുഭ്യദ്ബ്രഹ്മാണ്ഡഷണ്ഡസ്ഫുടതടകുടില
ഭ്രൂകുടീ ഭീഷണാസ്യഃ
കോപസ്ഫാരസ്ഫുലിംഗ പ്രചുരപടലികാ-
മോക്ഷരൂക്ഷേക്ഷണോഘോ
സാക്ഷാത് ത്ര്യക്ഷോയുഗാന്തേ പര ഇവ സുരപം
പ്രോക്തവാനിത്ഥമേത്യ ॥ 15 ॥

പദം-17

(ജലന്ധരൻ) സഹസ്രനേത്രാ! വാടാ സഹസ്ര നേത്രാ!
സഹസ്രനയനന്മാരൊരു ലക്ഷം
വിഹംഗപതി മുഖരോടിഹ വന്നാൽ
സഹായമൊന്നും കൂടാതേ ഞാൻ
സുഹേതികൊണ്ടുടനൊക്കെയമക്കും ॥ സഹസ്ര ॥

പരന്ന വാരിധി സമാനസൈന്യം
നിരന്നുനില്പതുകണ്ടാലിപ്പോൾ
പുരന്ദരത്വം വിപിനേ മണ്ടും
വരുന്നതാകിൽ നേരേവാടാ— ॥ സഹസ്ര ॥
നിതാന്തമൂത്തൊടു ചേൎന്നു മഹോ! വ-
നിതാന്തരത്തിൽ വസിക്കും നിന്നെ
ധുതാന്തഖഡ്ഗംകൊണ്ടിഹ വന്നാൽ
കൃതാന്തപുരമതിലാക്കീടും ഞാൻ— ॥ സഹസ്ര ॥

കേദാരഗൌളം—ചെമ്പട

ശ്ലോകം—മത്തശത്രുദത്തഭാഷിതം നിശമ്യദേവരാ-
ഡ്ഢ്യബദ്ധമാനസഃ പ്രശസ്തശസ്ത്രസൈനികമ് ।
സർവതോ നിരങ്കുശോഽഥിവാരണോപരിസ്ഥിതോ
ദൈത്യമിത്ഥമുക്തവാന് ജപാസപാടലേക്ഷണമ് ॥ 16 ॥

പദം 18.

(ഇന്ദ്രൻ) വാടാ ! പൊരുതുവതിന്നു—പാടവമോടു നീ
കൂടക്രിയകളൊന്നും കൂടാ; നമ്മോടു മൂഢാ!
പത്രിണാജവമമർത്ത്യപുംഗവ-
നമർത്തുമിപ്പോൾ തവവലിപ്പം—ഭൂർമനല്പം ॥ വാടാ ॥

ചിത്തകരുത്തുണ്ടെങ്കിൽ—നേർത്തുവന്നീടെടാ!
ഓർത്തുകണ്ടോളാം നിൻെറ വൃത്തമെത്രയും ചിത്രം!
ഗാത്രമദ്യതവ കൂർത്തബാണഗണ-
കൃത്തമാക്കുവനലം—അമരകാലൻ
സമരശീലൻ സുശരജാലൻ ॥ ചിത്തകരുത്തു ॥

എന്തൊന്നു പുലമ്പി നീ—ഹന്ത! നമ്മുടെ മുമ്പിൽ
അന്തരങ്ഗമതു താന്തമാക്കമിഹ—കിന്തു
ശങ്കകൊണ്ടു ഹേതികൊണ്ടു-
ഭീതികൊണ്ടു ഹേതിമണ്ടും ॥ വാടാ ॥

ചണ്ഡശരങ്ങളല്ലേ മണ്ഡനായകരോമി
ചണ്ഡഭാനുരിവ ഖണ്ഡയാമി ബലമണ്ഡലീ-
തിമിരകാണ്ഡം മദനിഷണ്ണം നഹിവിഷണ്ണം
॥ ചിത്തകരുത്തു ॥

ഇടശ്ലോകം

യുദ്ധചത്വരേഽജിതോജിതോ ന രക്ഷിതാഹിനഃ
കാഞ്ചനാദ്രി ഗഹ്വരേഽപി ദൈത്യസാധ്വസാദിതി ।
ശാരദേന്ദുകാന്തിമത്പയോനിധേസ്തടം തതഃ
സാമരോഽമരാധിപോ ജഗാമ ദൈന്യചേതസാ ॥ 17 ॥

കാനക്കുറിഞ്ഞി--പഞ്ചാരി

ശ്ലോകം- ശൂരാരി ദൈത്യബലസാരാംശസംഘധന-
ചോരായിതം മുരരിപും
നാരായണം രുചിരനീരാംബുദപ്രകര-
നീലാഭമിന്ദുവദനമ് ।
താരാവലീ സദൃശഹാരാഞ്ചിതം ദുരിത-
ഘോരാർണ്ണവൈകതരണിം
സൂരാളി ചാരുരുചിധാരാസമാനരുചി-
പൂരാവഹം സ വിനതഃ ॥ 18 ॥

പദം 19

(ഇന്ദ്രൻ) പദ്മനാഭ! പാലയാശു—പദ്മസംഭവാദിവന്ദ്യ!
പദ്മപത്രതുല്യനേത്ര!—പാലയപ്രഭോ!
ഭുവനരാശ। നായകേശ! — ഭുവനരാശിതനയ! ഭോഗി-
ശയന! ദേവ! പാലയാശു—ദാനവേശ്വരാത്
ദാനവാളിമാനഭംഗ! —വൈനതേയവാഹനാംഗ-
വിനതലോകകല്പവൃക്ഷ!—ലോകരക്ഷക!
വിശ്വലോകനിവഹവൃത്തമാകെയറിയു മമല
ദേവ! ഞങ്ങളെന്തുചൊൽവതിങ്ങു സങ്കടങ്ങളെ?

കല്യാണി—മുറിയടന്ത

ശ്ലോകം— ഏവം ഗിരം സഭഗവാന്ഗതവണ്ണപങ്ക്തിം
ദേവോനിശമ്യ കമലാകരലാളിതാങ്ഗഃ।
താം സാന്ത്വയന് സഹജഭംഗവിശങ്കമാനാം
ലക്ഷ്മീം പയോജനയനസ്തമവോചദേവമ് ॥ 19 ॥

ശ്ലോകം— "സ്വർല്ലോകാധിപ! കേൾക്ക നിൻ സ്തുതികളാ—
ലേററം പ്രസാദിച്ചു ഞാൻ
കല്യാണം ഭവതാഞ്ച സമ്പ്രതിവരാൻ
യത്നങ്ങൾ ചെയ്തീടുവാൻ;
ചൊല്ലേറം വിധിവാക്യമിന്നു ഗിരിശൻ
കൊല്ലേണമെന്നാകിലും
ചൊല്ലുന്നേനസുരേശനോടു സമരം
ചെയ്തീടുവേൻ സത്വരം" ॥ 20 ॥

പദം 20

(വിഷ്ണു) ദേവരാജ! പീഡാപരി-ദേവനം കിമൎത്ഥം ?
ജലന്ധരം ജയിച്ചീടാ—നലം പ്രയത്നം ഞാൻ ചെയ്യാം.
(ദേവരാജ!)

വിമതജനോദിത താപ—വദനഗ്ലാനി കളക
സമരാങ്കണമതിലിന്നു—മരനാഥ! മദമടക്കും
ഹൃദികടക്കും അതിമിടുക്കും അഹമടക്കുമ്പോൾ
(ദേവരാജ!)

എന്നതന്നെ വരികിലും—ഒന്നുരചെയ്തീടാം കേൾക്ക
അധുനാവിധിനാ ദത്തവരത്താൽ
മൃതിവരുത്താനതിലൊരുത്തൻ
നഹികരുത്തൻ ഗിരിശനല്ലാതെ— (ദേവരാജ!)

KOTTAYAM PUBLIC LIBRARY KOTTAYAM

ഒട്ടും താമസിച്ചിടാതെ—ഇഷ്ടം സാധിക്കുമെന്നോൎക്ക
ദ്രുഹിണജമുനിയൊരു വഴിയുണ്ടാക്കും
ബഹുശമിക്കും, ഭയമുദിക്കും
ബത നിനക്കും, നിഖിലമന്നു ഹേ! (ദേവരാജ!)

വേകട—അടന്ത

ശ്ലോകം— തദനു തത്ര സമേത്യ ജഗാദ തം
തദനുജാപതിലോചന വഹ്നിജമ്!
ഝടിതി യോദ്ധുമസൌ ദനുജേശ്വരാ—
ഹി ഗരുഡോ ഗരുഡോപരി സംസ്ഥിതഃ ॥ 21 ॥

പദം 21

(വിഷ്ണു) ആരെടാ, വിബുധദ്വേഷിയാരെടാ!
പോരുചെയ്‌വതിന്നു വാടാ!
ഭീരുത വെടിഞ്ഞു നേരെ—രണചത്വരം തന്നിൽ
സാരനെങ്കിൽ ദൈത്യകീടാ! (ആരെടാ!)
നെഞ്ചതിൽ ധീരത പൂണ്ടു
വഞ്ചകസഹസ്രം വന്നാൽ
പഞ്ചവക്ത്രനൊക്കിലൊ
പഞ്ഞിയെന്നപോലെയല്ലേ ? (ആരെടാ!)
കുണ്ഠതവെടിഞ്ഞു നടകൊൾക,
അല്ലെങ്കിലിപ്പോൾ
ഇണ്ടലേറെ വരുത്തീടു—
മണ്ടർകോൻ സഹജൻ തവ (ആരെടാ!)
എന്തുഭോ! ദൂഷണം ചൊന്ന—തെന്തുഭോ !
പേടികൂടാതെ വാടാ—പാടവമുണ്ടെങ്കിൽ ഇഹ
കൂടിടാം നമ്മൊടു വീൎയ്യം—മൂഢ! ഹേ ദനുജാധമ!
(ആരെടാ!)

അന്തികേനിന്നു വല്ലതും—ഹന്ത പുലമ്പിടാതെ ഹേ!
പിന്തിരിഞ്ഞു പോകനല്ല—ചിന്തവേണ്ട വിജയത്തിൽ
(എന്തുഭോ!)

സുരുട്ടി—ചെമ്പട

ശ്ലോകം— ഹേതിവ്രാതാഘട്ടന പ്രോദ്ഗതാസ്ര—
പ്രോദ്യദ്ഭാമേ വർത്തമാനേƒതിഭീമേ।
സൈന്യേ തസ്മിന് വാഞ്ഛിതാർത്ഥ പ്രദായീ
മദ്ധ്യേ യുദ്ധം വാസുദേവോ ജഗാദ. ॥ 22 ॥

പദം 22

(വിഷ്ണു) വീരശേഖര! സുമതേ! ഹേ ജലന്ധര!
വീരശേഖര! സുമതേ!
ഭൂരിമങ്ഗളം രിപുദാരുണം ഭവിച്ചിടും
(വീരശേഖര)

സാരമാം നിന്നുടയ—പോരിലുള്ള ദാക്ഷ്യംകൊണ്ടു
സന്തോഷം പാരമുണ്ടു—മനസി മമ. (വീര)
വേണ്ട സംശയം തവ—വേണ്ടും വരത്തെ നൽകാം
രണ്ടുപക്ഷമതില്ല—വേണ്ടതു ചൊല്ലീടുക. (വീര)

(ജലന്ധരൻ) ഉണ്ടൊരപേക്ഷ മയി—തണ്ടാർ മാനിനി കാന്ത!
ശങ്കവെടിഞ്ഞു തന്നാലും—ഏവമെങ്കിൽ,
കേൾക്ക മാമകവചനം.
ഹേ ജഗദീശ! കേൾക്ക, മാമകവചനം
കല്യാണശീല! സുരരെല്ലാവരോടും പുരേ
മല്ലനയന! രമാവല്ലഭ! വസിക്കേണം, കേൾക്ക ॥

KOTTAYAM PUBLIC LIBRARY KOTTAYAM

ഏടശ്ലോകം

പത്മേക്ഷണോ$f$ഥ ഭഗവാന് രമയാ ച ദേവൈ-
രിഷ്ടപ്രദാനജിത കല്പമഹീരുഹോ$f$സൌ ।
ജാലന്ധരം പരമുപേത്യ യഥാകഥഞ്ചി-
ദ്ബാണാഖ്യ ദാനവപുരീശദശാമവാപ ॥ 23 ॥

ശ്ലോകം— തത്തത് സ്ഥാനേ തത്തദർഹാന് നിയുജ്യ
ദൈത്യാൻ സർവ്വാനാനയിത്വാ സ്വഗേഹമ് ।
രാജ്യം ഭോജ്യം പ്രാജ്യവസ്തൂനി നിത്യം
ഭുഞ്ജാനോ$f$ഥാ നാരദം സന്ദദർശ. ॥ 24 ॥

കല്യാണി

ശ്ലോകം— അശ്രാന്തം നിജ ഹസ്തലഗ്ന മഹതീ-
തന്ത്രീ സമാസ്ഫാലന-
പ്രോദ്യന്മഞ്ജുനിനാദ ഗീതമധുര
ശ്രീ മാധവാഖ്യം മുനിമ് ।
ലോലായത്സ്ഫടികേന്ദു ശംഖ പടലീ
രോചിശ്ഛടം ഭാസുരം
ദുഷ്ട ധ്വംസന ശിഷ്ടരക്ഷണപരം
വാഗീശ്വരീശാത്മജമ്. ॥ 25 ॥

പദം 23 പരശു—മുറിയടന്ത

(നാരദൻ) വന്ദാമഹേ ഭുവനേശം-അതിഭക്തൌഘസുകലിത-
കല്മഷമീശമ് । - (വന്ദാമഹേ)
നൂതനമേഘസങ്കാശം—കമലാധരാശോഭി—
പാർശ്വപ്രദേശമ് । കല്പാന്തഭാസ്കരശോഭംശ്രിത-
കല്പമഹീരുഹമംബുജനാഭം
അഞ്ചിത പീതദുകൂലമ് । - (വന്ദാമഹേ)

കോടീരശോഭിതഗംഗം – ധൃതാഭീഷ്ടപരശ്വധാ
ഭീത കുരങ്ഗ്ഗം ശങ്കരം ഭ്രമി ശതാംഗം
കൃതപ്രളയഭാനുപതംഗം – രഥാങ്ഗ്ഗമ് ।
(വന്ദാമഹേ)

വ്യാളീന്ദ്രവലീചിതാങ്ഗ്ഗം – വരകോടീരശോഭിത-
ചാരുവരാംഗം – യോഗീന്ദ്രചിത്തനിഷങ്ഗ്ഗം-സദാ
സജ്ജനസഞ്ചയപത്മപതങ്ഗ്ഗമ് । (വന്ദാമഹേ)
സാഗരനന്ദനവീരം കമലോദ്ഭവസഞ്ചിതാ-
ഭീഷ്ടമുദാരം ഓജസാനിർജ്ജിതസുരം-സുര-
നാഥാദിശാത്രവ ദർശിത സാരമ് । (വന്ദാമഹേ)

പദം 24. കല്യാണി–ചെമ്പട

(ജലന്ധരൻ) വാണീശനന്ദന! വന്നാലു–മരികത്തു
വാണാലും പീഠം തന്നിൽ
വീണാപാണേ! കാണിനേരമെങ്കിലും
കാണാൻ സങ്ഗ്ഗതിവന്നാ–ലേണാജിനവസന!
ചേർന്നാന്ന ഭാഗ്യമല്ലേ ? (വാണീശ)
സ്വാഗതമല്ലോ; ഭവാനാഗമിച്ചീടാൻ ദ്വിജം
വാഗഗോചരം മദ്ഗേഹത്തിൽ
ആഗസ്സു കിം കരോതി വാഗീശസുത
ലോകപൂഗത്തിലാരെന്നാലും
വേഗം മേ വദിച്ചാലും (വാണീശ)
അമരാധീശപരമുഖവിമതസഞ്ചയമെല്ലാം
സമരചത്വരം തന്നിലമർത്തീടിനേൻ (വാണീശ)
സുമതികൾ വദന്തി വസുമതിനായകം
കിം മാം സമിതിതതികളിലി-
ന്നമിതഇന്ന വസഃതേ! (വാണീശ)

ശമനപ്രമുഖ ശമനം വന്നിതോ കിഞ്ചിത്
ദമനശേഷമത്തുണ്ടോ–ഭുവനന്തന്നിൽ
അമനാജനേന യോദ്ധും
കിമുതാസ്തി ? സുമനോമുഖ! വന്ന-
തസമനായിട്ടാരാമിപ്പോൾ ?

ശങ്കരാഭരണം–ചെമ്പട

(ശ്ലോകം) ഇത്ഥം സിന്ധുസുതൻ പറഞ്ഞ വചനം
കേട്ടിട്ടു യുദ്ധപ്രിയൻ
ചിത്തേ മോദവുമാർന്നു പുഞ്ചിരിസുധാം
തൂകി, പ്രവാചാം വരഃ ।
കൃത്വാ ചേതസി രുദ്രസിന്ധുസുതയോ-
രൈക്യം വിധാതും ദ്രുതം
ദൈത്യേന്ദ്രൻ വിധിനന്ദനൻ മധുരമാം-
വണ്ണം ബഭാഷേ ഗിരമ് ॥ 26 ॥

പദം 25

(നാരദൻ) സാഗരാത്മജ! ഭവത് സത്കൃതികൊണ്ടു
സാധുമുദിതനായി ഞാൻ.
സദ്ഗുണശീല, സുരസാർവഭൌമ!
ജയിക്ക! നിനയ്ക്കിലിബ്ഭുവനത്തിൽ
നിനക്കു സദൃശനാരു് ? (സാഗരാത്മജ!)

സർവജനപതേ ! നിന്നുടെ–സൌശീല്യംകൊണ്ടുവരുമോ
ചൊല്ലുക നിൻ ജയശൈഥില്യം പാരമതുണ്ടായി
നിന്നുടെ വാത്സല്യം മയി വന്നീടുമതേ ഭൂതിബാഹുല്യം.

സാരസാക്ഷൻ പുരം കാത്തീടുന്നു
വൈരിജാലമതു മമന്നിടുന്നു.
ഭൂരി–തന്നിൽ ബലവുമാർന്നീടുന്നു.

വീരലക്ഷ്മി ദിശി നിറഞ്ഞിടുന്നു
ഇത്തരമാക്കുലഭിച്ചിട്ടുമോക്കി-
ലത്ഭുത മത്ഭുത മത്ര ഹി സർവ്വം. (സാഗരാത്മജ!)
എങ്കിലുമൊണ്ടൊരുകാര്യം ചൊല്ലീടാം
ശങ്കവെടിഞ്ഞയി കേൾക്ക വിരവോടെ
രത്നഗണങ്ങൾ ഭുജിക്കുവോനധുനാനാരീ-
രത്നമതില്ലാ; കിം തേ കഥനീയം ?
ഫാലനേത്രനൊരു കാമിനിയാർമൌലി-
രത്നമയി, മരുവുന്നതുപോലെ,
ആർക്കുമിഹ നാസ്തി; സുരജാലനാരികളും
സമകളല്ല; എന്നതുപോലെ
നിനക്കൊരു കാമിനി ഭാമിനിയായാൽ
എത്ര മനോജ്ഞം ? (സാഗരാത്മജ!)
എന്തൊരു വിഷമം തവ സാധിച്ചീടാൻ ? സുരാ-
ഹന്ത കളഞ്ഞ വീരൻ നീയല്ലേ ?
ശേഷമശേഷവുമധുനാ ഹൃദ്യം തേ ന്യൂന-
മേഷണിയുമല്ല, സർവവുമത്യന്തം;
കല്പവൃക്ഷമൊരു കോമളയാം
കല്പവല്ലിയോടു ചേർന്നിതെന്നാൽ
അപ്രമേയഗുണവാരിനിധേ!
അനല്പചാരുതരമോക്കിലഹോ!
ബന്ധുരസിന്ധുരവൈരിപരാക്രമ!
സിന്ധുഗഭീര! ജലന്ധരവീര! (സാഗരാത്മജ!)

പദം 26 സൌരാഷ്ട്രം—ചെമ്പട

(ജലന്ധരൻ) നന്നു നന്നു മുനേ! ഭവാൻ—ചൊന്നതെല്ലാമിപ്പോൾ
ഹന്ത! സന്ദേഹം കൂടാതെ—ചിന്തിതം സാധിപ്പേൻ
കുന്ദേതരവിക്രമൻ ഞാൻ—കണ്ടാലും സമ്പ്രതി
കൊണ്ടൽവേണിയാമവളെ—കൊണ്ടിങ്ങുപോരുവൻ

ദണ്ഡകം

ഏവം ശ്രവിച്ചു മുനി ദേവാലയം സപദി
ഭാവം തെളിഞ്ഞഥ ഗമിച്ചു
മുഹുരപി നിനച്ചു–മനമതിലുറച്ചു
കുസുമശര ശരനികര മേററ ഹഹ!
പരിചൊടു ദൂതവരമങ്ങവനയച്ചു.

ദൂതൻ സമേത്യ ജനജാതാധിനാഥനൊടു
വീതാത്മസംശയമുരച്ചു–അഥബത! കുറച്ചു
കോപമതുദിച്ചു, ഭ്രുകുടിതടമധ്യ ഭവ-
പുരുഷഭയമുടനെയതുദിച്ചു.

സാരങ്ഗം—ചെമ്പട

(ശ്ലോകം) കൃത്യാ കോപാട്ടഹാസ പ്രമഥ പതി സടാ-
താഡിതാദ് ഭൂമിപൃഷ്ഠാ-
ദുത്തിഷ്ഠന്തീ പ്രകോപാദരുണിതനയനാ
ഘോരദംഷ്ട്രാട്ടഹാസാ
മുഞ്ചന്തീ ശത്രുഘോരാ കുടിലതരമഹാ-
നേത്രയുഗ്മേന രൂക്ഷം
ക്രോധദ്യോതി സ്ഫുലിങ്ഗം സവിധമുപഗതാ
വ്യോമകേശം ബഭാഷേ ॥ 27 ॥

പദം 27

(കൃത്യ) ശംഭോ! നമാമി വിമലം സുമവിശിഖ–
ഡംഭഘ്നപാദകമലം
ജംഭരിപുമുഖ വിബുധവിനതപാദം–പാഹിമാം
കിംഭോ! മയാ ജവം കർത്തവ്യമെന്തിഹ? (ശംഭോ!)
ആർത്തിഘ്ന! സർവജഗതാം,
അഹിതചയമിന്നു ചേത്—കുത്രാഽപി വർത്തതേ
ഝടിതി ഗളപാടനം ചെയ്‌വൻ തവാജ്ഞയാ (ശംഭോ!)

സ്വങ്ങ്വ്ഥ്വാ ഹന്നിഗൃഹേ വിനതമുനി-
വൎഗ്ഗ ക്ഷിതൌ വസ്തു ഭോ—ത്വദ്ദ്രിപുഗണം
ഉന്നപ്രചുരചയവാരിധേ! രുദ്ര! തവ
കാരുണ്യമുണ്ടാകിൽ വെന്നിടാം (ശംഭോ!)

(ശിവൻ) ഭദ്രാണി സന്തു സതതം—സമരഭുവ-
മദ്യൈവ യാഹി ചതുരേ!
എവ്വണ്ണ മപ്രിയം ചെയ്തിടാദനുജ ഗുരു-
മവ്വണ്ണ മാഹവേ ചെയ്ക നീ സത്വരം ॥

ഘണ്ടാരം — മുറിയടന്ത

ശ്ലോകം— ഉദ്യത്ഘോരാട്ടഹാസ ത്രുടിതരിപുഘടാ,
കണ്ഠരന്ധ്റാ വരന്ധ്റാ-
ഭോഗസ്വച്ഛന്ദചാരിസ്ഫുരദരുണകചാ,
ഭീഷണാ ഭാഷണാഢ്യാ,
കോപസ്ഫാര സ്ഫുലിങ്ഗ പ്രകരഘനതരാ,
മോക്ഷ രൂക്ഷാക്ഷിയുക്താ
ഗത്വാ തത്രാബഭാഷേ കവിമമുമഥതത്-
പ്രേഷിതാ സത്വരം സാ ॥ 28 ॥

പദം 28 ആരഹോ! ശിവദാസവിപ്രിയ-
(കൃത്യ) മാചരത്യവിളംബിതമ്
ഘോരയാകുമഹമവൻതല
കൊണ്ടുപോരുമിഹ സാമ്പ്രതമ്
രുഷ്ടയാകുമഹമിന്നുമട്ടലർശര-
വൈരികിങ്കരി, എന്നുടെ
മുഷ്ടികുട്ടനമേല്ക്കുവാൻ
മത്യയാകയില്ല ധരിക്ക ഭോ!
അഷ്ടമൂൎത്തി പരാക്രമങ്ങളെ-
യൊട്ടുമേയറിയാഞ്ഞഹോ!

ദുഷ്ടമാനസ! വിപ്രിയം
തുടരുന്നു ഹന്ത! മഹാമുനേ!
സ്പഷ്ടമിന്നു മഹാദരീസഖ-
യോനിതന്നിലടച്ചു ഞാൻ
പുഷ്ടമോദമതോടെ പോക-
മതീവ ഗന്ധധുരന്ധര!

എടശ്ലോകം

തതസ്തസ്യാം യോന്യാം ദിതിസുതഗുരും തം മുനിവരം
ഗതായാം വിക്ഷിപ്യ പ്രതിഭടബലം ഭൂരി ഹതവാന്
സഭൃതം ചേശാനം സമിതി നിജമായാവികലിതം
സദൈത്യഃ കൃതോമാ പരിസരഗതസ്തദ്ധൃതി ധരഃ ॥ 29 ॥

ശ്ലോകം— ദൃഷ്ട്വാ ശിവാ തം ധൃത രുദ്രരൂപം
കാമാന്ധചിത്തം പുരതസ്തിരോഽഭൂത്
സുരാര ബുദ്ധ്യാ ഭയവിഹ്വലാ സാ
സസ്മാര ചിത്തേതു ജനാർദ്ദനസ്യ ॥ 30 ॥

നീലാംബരി — ചെമ്പട

അഥാഽബ്രവീത്തം ജഗതാം ശരണ്യം
ദൃഷ്ട്വാഽന്തികസ്ഥം സഹജം മൃഡാനീ
മന്ദസ്മിതോദ്യദ്ദശനാംശുപൂരൈ-
സ്സുമേധയന്തം ശശിഖണ്ഡകാന്തിമ് ॥ 31 ॥

പദം 29 സോദര! വചനം ഭക്തഖേദഹര! കേൾക്ക

(പാർവതി) വേദസ്വരൂപ! ദൈത്യനിഷൂദന! നിർമ്മല!
തരുണാംബുധി കാന്ത! തീർത്ഥചരണ!
ത്വത്സ്മൃതി ഭയഹരണമയല്ലോ
ഭൃശമരുണാംബുജാക്ഷ! ഹരേ!

ദൈത്യരോട്ട യുദ്ധം ചെയ്‌വാൻ
തത്ര ഭവാൻ പോയി പതി.
ഭർത്താവിൻെറ രൂപം ധരി–
ച്ചത്ര വന്ന ശഠൻ; സത്വരം ഞാൻ
ദൈന്യബുദ്ധ്യാ സത്യസ്വരൂപമറിഞ്ഞേൻ;
അത്ര ഭയംകൊണ്ടു നിന്നെ ചിന്തചെയ്തു.

ഉശാനി – ചെമ്പട

പദം 30 സരസീരുഹനേത്രേ ! മമ സോദരി ! നീ
ശൃണുവചനം; ഭവതു സുഖം.
ഭവവല്ലഭേ ! ഭയമേതുമരുതരുതേ
രിപുമഥനം ചെയ്തീടുവാൻ
പുരമഥന ദയിതേ ! കേൾ
തരത്തിലൊരുപായമുണ്ടു
കരിപരി വൃഢഗമനേ !

ഇടശ്ലോകം

ഏവം സ ഉക്ത്വാ ഗിരിജാം പ്രസന്നോ
ജഗാമ ദേവാരിപതേർമ്മനോജ്ഞമ്
പുരം ചകാരാഥ രമാ സഹായ–
സ്തത്സംഹൃതൌ സാധുതരം ഹ്യപായമ് ॥ ॥ 32 ॥

കേദാരഗൌളം – ചെമ്പട

ശ്ലോകം– സ്പഷ്ടം നഷ്ടാഭിലാഷഃ കഠിനരണരസന്നത്
ഭീമസേനാം സ യാതോ
യുദ്ധക്ഷോണീം സ്വമായാകലിത വിഫലതാം
വീക്ഷ്യ രോഷാകുലാത്മാ ।

നീത്വാ കോദണ്ഡദണ്ഡം ഝടിതികുടിലതാ-
മാത്മനാസ്വൈര സഹായോ
ഝട്ഖാ യുദ്ധാഭിലാഷീ ഗജ ഇവ ഹരിണാ
ഘോരമൂചേ ഗിരീശമ്   ॥ 33 ॥

പദം 31 പോരുചെയ്‌വതിനുവേഗം—വീരനെങ്കിലേഹി

(വിഷ്ണു) ധീരനെന്നപോലെ യുധി—നേരിടാമോ ഭോ ! ?
നാരിയോടുകൂടി പല—നേരമ്പോക്ക ചൊല്ലുന്നതു
ധീരതയല്ല യുധി—വൈരികൾ നാശനം
ആണുങ്ങളെന്നപോലെ മേ—ബാണം തടുത്തിടാമെങ്കിൽ
നാണം കൂടാതെ ഭോ ! രണക്ഷോണീതലത്തിലേഹി;
ആലോകയ; ബാണംകൊണ്ടു—നാലഞ്ചുനാഴികയ്ക്കുള്ളിൽ
ജലന്ധരാസുരൻ ഗർവ്വ—ജാലം കളഞ്ഞിടും.

പന്തുവരാളി – ചെമ്പട

ശ്ലോകം— ശ്രുത്വാ ഗിരം ദൈത്യപതേസ്സരാസം
തച്ചിത്തവൃത്തം കുടിലം വിധായ ।
ആത്തിംനയന്ന് ജ്യാമപിതാം നിരസ്യ-
ന്നുവാച ഗംഭീര മമും ഗിരീശഃ   ॥ 34 ॥

പദം 32 ആരെടെ മൂഢാ ! പോരിനു വന്നതു നേരെ രേ ! രേ !

(ശിവൻ) ദനുജ പാശക ! ശൂരനെന്നു ഭാവിച്ചു
പോരിനു വന്നെന്നാകിൽ
ഭൂരിഭൂരിശരവർഷം—ഘോര !
ഘോരതരമാശുപതിക്കും.   (ആരെടെ !)

പാരാതെ ശൂരനാകിലോ—നേരിടുക ഭോ !
പോരും തേ വീരഭാഷിതം.

ദാരങ്ങളോടുകൂടി—വീരവാദം പറയും
പൂരുഷന്നു പരിഭാഷണമല്ലാതൊന്നുമില്ല.
ഏദി ശൂരതയെങ്ങും പാരാതെ കള്ള ! നീ
എന്തുചൊന്നതു നമ്മുടെ മുമ്പിൽ ?
ഉള്ളിലെ ഗർവം പോക്കുവൻ
വല്ലതും പറഞ്ഞെന്നാ—ലല്ലൽ വരുത്തും മമ
നല്ല ബാണമതു; കല്പതയെങ്കിൽ
വില്ലുവിദ്യയതിൽ—നില്ലെട ! മൂഢ ! (ആരെട !)

ബാണനിരകൾകൊണ്ടിട്ടു ഭയപ്പെട്ടോടു-
മാണല്ലാത്തവനല്ല ഞാൻ
കാണിനേരത്താൽ ദ്രുത—മേണാരിവിക്രമൻ ഞാൻ
ബാണപാതമതുകൊണ്ടു ഭവാനെ
ക്ഷോണിതന്നിലിഹ വീഴിപ്പിക്കും (ആരെട !)

ചന്തത്തിലൊരു വഞ്ചകം ചിന്തിച്ചുവന്നാൽ
ദന്തീന്ദ്രനോടെതിക്കുമോ ?
അന്തകാന്തകനഘ—മന്തരേണ വിളംബം
അന്തകൻെറയൊരു ബന്ധുവാക്കുമതി-
നെന്തു ശങ്ക ജവമന്തികേ വന്നാൽ (ആരെട !)

പുറനിര

ശ്ലോകം— യദാ വധാർത്ഥം കൃതവാനുപായം
രമേശ്വരോഽസൌ പരമേശ്വരേണ
തദാഹതോ ദൈത്യപതിസ്തതസ്തേ
ദേവാനദേവാനനുവർഗിരീശമ് ‖ 35 ‖

പദം 33 ജയിക്ക ! ജയിക്ക ! വിഭോ ! പരിതാപം ശമിച്ചിപ്പോൾ

(ദേവന്മാർ) നമിക്കുന്നു ഞങ്ങളിതാ—സമസ്തലോകനായക !

എല്ലാ ദിക്കിലും നിറ—ഞ്ഞുല്ലസിച്ചീടുന്നൊരു

കല്യാണമൂർത്തേ ഗൌരീ—വല്ലഭ ! ജയ ! ജയ !
ആർക്കുമേ തിരിയാത്ത—വൈഭവമുള്ള നിന്നെ
ഓർക്കുമ്പോൾ സ്തുതിപ്പാനേവൻ—സമർത്ഥനാകും ?
ഭക്തവത്സലാ ! നിങ്കൽ—ഭക്തി ഞങ്ങൾക്കെല്ലാം
ശക്തിനായക ! വേണം—ശക്തിധരജനക !

(ശിവൻ) സ്തുതികൊണ്ടു പ്രസാദിച്ചേ—നതിലും ഭക്തികൊണ്ടേററം
ശതമഖമുഖന്മാരേ !—സതതം നല്ലതു വരും
ഞാനെന്നും വിഷ്ണുവെന്നും—ന്യൂനം ഭേദം കൂടാതെ
ജ്ഞാനത്താലറിഞ്ഞിട്ടു—ധ്യാനിപ്പിൻ വഴിപോലെ
ഗീർവാണന്മാരേ ! നിങ്ങൾ—ഗർവിതന്മാരാകാതെ
സർവരും സ്വപദത്തിൽ—പൂർവംപോൽ സുഖിച്ചാലും,
ആവോർം ഭക്തിയോടെ—ദേവാദികളെ ! എന്നെ
സേവിപ്പിനെന്നാലെന്നും—കൈവരും സുമങ്ഗലം.

മംഗളശ്ലോകം

ഇത്ഥം ദൈത്യപതിം ജലന്ധരമമും
വിഷ്ണോരുപായേന യഃ
ക്ഷിപ്രഞ്ചാസ്യ ബലാജ്ജഘാന മുനിഭി-
ർഗ്ഗീതാപദാനസ്സുരൈഃ
തേഷാമിഷ്ടതതിം ദദൌ ച കരുണാ—
വാരാന്നിധിര്യശ്ശിവോ
ദദ്യാച്ഛൈല സുതാപതി സ്സ ഭഗവാന്
സർവ്വോത്തരം മങ്ഗലമ് ॥36॥

ജലന്ധരാസുരവധം ആട്ടക്കഥ

സമാപ്തം.

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. M05 Acc. No. 43884
This book should be returned on or before the date last stamped below.

Mal
Vas-J.

43554.

വാസുദേവന്റ് കേശവന്റ്.

ജലന്ധരാസുരവധം.

PRICE: RE. 1. KALPAKA LIBRARY.